# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1964 08/12/2014 ൽ മറുപടിയ്ക്ക്

## റവന്യൂ ഡി.ആർ.എഫ് സെക്ഷനുകളിലെ ജോലിഭാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) റവന്യൂ ഡി.ആർ.എഫ്. സെക്ഷനുകളിലെ ജോലിഭാരം കണക്കിലെടുത്ത്, കൂടുതൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് പരിഗണിക്കുമോ ; | എ) സെക്രട്ടേറിയറ്റിലെ ഓരോ സെക്ഷനും അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ എണ്ണത്തിനനുസൃതമായി മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളൂ. എന്നാൽ, റവന്യൂ ഡി.ആർ.എഫ്. സെക്ഷനുകളിലെ ജോലിഭാരം കണക്കിലെടുത്ത് സൂപ്പർന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന മൂന്ന് അസിസ്റ്റന്റുമാരെക്കൂടി അവിടെ അധികമായി നിയമിച്ചിട്ടുണ്ട്. എന്നാൽ ഇത് ഒരു സ്ഥിരം സംവിധാനമല്ല. |
| ബി) റവന്യൂ, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ വർക്ക് ഡിസ്ട്രിബ്യൂഷൻ സംതുലിതമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ബി) എല്ലാ വകുപ്പുകളിലും ഏറെക്കുറെ സന്തുലിതമായ രീതിയിലാണ് വർക്ക് ഡിസ്ട്രിബ്യൂഷൻ നടത്തിയിരിക്കുന്നത്. എങ്കിലും ഓരോ വകുപ്പിലെയും ജോലിയുടെ സ്വഭാവമനുസരിച്ച് ജോലിയുടെ അളവിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. |

സെക്ഷൻ ഓഫീസർ